"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ് - കോഴിക്കോട് , മുക്കം വയലിൽ മോയി ഹാജി മെമ്മോറിയൽ ഹയർ സെക്കന്ററി സ്കൂൾ മാനേജർ ഫയൽ ചെയ്ത റിട്ട് ഹർജി നം. 32692/2023 നമ്പർ കേസിലെ 5.10.2023 ലെ ബഹു. ഹൈക്കോടതിയുടെ വിധിന്യായം - പാലിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ(എസ്) വകുപ്പ്**

സ.ഉ.(കൈ) നം.80/2025/GEDN തീയതി,തിരുവനന്തപുരം, 03-05-2025

---

പരാമർശം:-

1. 14.06.2022ലെ സ.ഉ(കൈ) നം.106/2022/പൊവിവ.
2. റിട്ട് ഹർജി നം. 32692/2023 നമ്പർ കേസിലെ 5.10.2023 ലെ ബഹു. ഹൈക്കോടതിയുടെ വിധിന്യായം.
3. താമരശ്ശേരി ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 07.12.2023 ലെ നം.DEOTSY/A1/4036/2023 നം. കത്ത്.
4. ഹയർ സെക്കന്ററി വിഭാഗം പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 11.02.2025ലെ എസിഡി.സി3/14425/2024/എച്ച്.എസ്.ഇ നം. കത്ത്.
5. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 14.02.2025ലെ ഡി.ജി.ഇ /3324/2025-എസ്2(എ) നം. കത്ത്.

**<u>ഉത്തരവ്</u>**

കോഴിക്കോട് , മുക്കം വയലിൽ മോയി ഹാജി മെമ്മോറിയൽ ഹയർ സെക്കന്ററി സ്കൂൾ മാനേജർ ബഹു.ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത റിട്ട് ഹർജി 32692/2023 നമ്പർ കേസിലെ പരാമർശം(2) ലെ വിധിന്യായത്തിൽ ഹർജിക്കാരന്റെ എക്സിബിറ്റ് പി 5 നിവേദനം പരിഗണിച്ച് വിധിന്യായം കൈപ്പറ്റി 3 മാസത്തിനകം ഹർജിക്കാരനെയും ബന്ധപ്പെട്ടവരെയും നേരിൽ കേട്ടതിനുശേഷം ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കുവാൻ 1-ാം എതിർ കക്ഷിയായ സർക്കാരിനോട് നിർ ദ്ദേശിച്ചിരിക്കുന്നു. പ്രസ്തുത സ്കൂളിലെ ഹൈസ്കൂൾ വിഭാഗത്തിലെയും ഹയർ സെക്കന്ററി വിഭാഗത്തിലെയും കുട്ടികളുടെ എണ്ണം കണക്കിലെടുത്ത് രണ്ടാമത്തെ എഫ്.ടി.എം തസ്തിക അനുവദിക്കണമെന്നതാണ് റിട്ട് ഹർജിയിലെ ആവശ്യം.

2. സർക്കാർ ഈ വിഷയത്തിൽ ബന്ധപ്പെട്ട കക്ഷികളെ 11.12.2023ന് നേരിൽ കേട്ടു. ഹർജിക്കാരന്റെയും, ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാരുടെയും വാദങ്ങൾ ചുവടെച്ചേർക്കുന്നു.

<u>മാനേജർ</u>

ആനയാംകുന്ന്, വി.എം. മോയി ഹാജി മെമ്മോറിയൽ ഹയർ സെക്കന്ററി സ്കൂൾ ഹയർ സെക്കന്ററി

, പ്രൈമറി സെഷനുകൾ ഉള്ള എയ്ഡഡ് സ്കൂളാണ്. എയ്ഡഡ് സ്കൂളിലെ ഹയർ സെക്കന്ററി വിഭാഗത്തിലെ നോൺ-ടീച്ചിംഗ് തസ്തികകൾ അനുവദിക്കുന്നത് സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ സംബന്ധിച്ച് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം, I മുതൽ XII വരെയുള്ള ക്ലാസുകൾ ഒരു യൂണിറ്റായി പരിഗണിച്ച് നോൺ-ടീച്ചിംഗ് പോസ്റ്റ് അനുവദിക്കുവാനാണ് ഉത്തരവായിട്ടുള്ളത്. Chapter XXIVA, KERലെ വ്യവസ്ഥകൾ I മുതൽ XII വരെയുള്ള നോൺ-ടീച്ചിംഗ് തസ്തികകൾ അനുവദിക്കുന്നതിന് ബാധകമായിട്ടുള്ളത് എന്ന് പ്രസ്തുത ഉത്തരവിൽ പ്രതിപാദിച്ചിട്ടുണ്ട്. കെ.ഇ.ആർ. അധ്യായം XXIV, റൂൾ 1(3) പ്രകാരം വിദ്യാർത്ഥികളുടെ എണ്ണം 700-ൽ കൂടുതലായാൽ എഫ്.ടി.എം.ന്റെ രണ്ടാമത്തെ തസ്തിക അനുവദിക്കേണ്ടതാണ്. 2021-22 വർഷത്തിൽ വി.എം.എച്ച്.എം. എച്ച്.എസ്.എസ്.ൽ എഫ്.ടി.എം.ന്റെ രണ്ട് തസ്തികകൾ ഉണ്ടായിരുന്നു. എന്നാൽ 2022-23ലെ തസ്തിക നിർണ്ണയ ഉത്തരവിൽ ടി സ്കൂളിലെ എഫ്.ടി.എം.ന്റെ രണ്ടാമത്തെ തസ്തിക ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചു. 2022-23, 2023-24 വർഷങ്ങളിലെ പ്രസ്തുത സ്കൂളിലെ വിദ്യാർത്ഥികളുടെ എണ്ണം 1024 , 1045 എന്നിവയായതിനാൽ, രണ്ടാമത്തെ എഫ്.ടി.എം. പോസ്റ്റ് അനുവദിക്കാവുന്നതാണ് . മേൽ വസ്തുതകൾ കണക്കിലെടുത്ത് ആനയാംകുന്ന്, വി.എം.എച്ച്.എസ്.എസിൽ ഒരു എഫ്.ടി.എം.ന്റെ അധിക തസ്തിക സൃഷ്ടിക്കണമെന്ന് അപേക്ഷിക്കുന്നു.

<u>പൊതുവിദ്യാഭ്യാസ ഡയറക്ടർ/ജില്ലാ വിദ്യാഭ്യാസ ഓഫീസർ, താമരശ്ശേരി</u>

മുക്കം വയലിൽ മോയി ഹാജി മെമ്മോറിയൽ ഹയർ സെക്കന്ററി സ്കൂളിലെ ഹൈസ്കൂൾ വിഭാഗത്തിൽ 2017-18 വർഷം കുട്ടികളുടെ എണ്ണം വർദ്ധിച്ചതിനാൽ അധിക എഫ്.ടി.എം. തസ്തിക അനുവദിക്കുകയും 2022-23 വർഷം കുട്ടികളുടെ എണ്ണം കുറഞ്ഞതിനാൽ എഫ്.ടി.എം. തസ്തിക നഷ്ടപ്പെടുകയും ചെയ്തു. കെ.ഇ.ആർ. അധ്യായം XIV A Rule 1 ൽ ഹൈസ്കൂളുകളുടെ തസ്തിക നിർണ്ണയത്തെ കുറിച്ചാണ് പ്രതിപാദിച്ചിരിക്കുന്നത്. കെ.ഇ.ആർ. അധ്യായം XXIV(A) Rule 1.3 പ്രകാരം ഹൈസ്കൂൾ വിഭാഗത്തിൽ 699 ൽ അധികം കുട്ടികൾ ഉണ്ടെങ്കിൽ രണ്ടാമത്തെ എഫ്.ടി.എം തസ്തിക അനുവദിക്കാമെന്നാണ് പ്രതിപാദിച്ചിരിക്കുന്നത്. ഹൈസ്കൂൾ വിഭാഗത്തിന്റെ തസ്തിക നിർണ്ണയം നടത്തുന്നത് ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിലും, ഹയർ സെക്കന്ററി വിഭാഗത്തിന്റെ തസ്തിക നിർണ്ണയം നടത്തുന്നത് ഹയർ സെക്കന്ററി വിഭാഗം ഓഫീസുകളിലുമാണ്. ഹൈസ്കൂൾ വിഭാഗത്തിലെയും ഹയർ സെക്കന്ററി വിഭാഗത്തിലെയും കുട്ടികളുടെ എണ്ണം കണക്കിലെടുത്ത് തസ്തിക അനുവദിക്കാൻ നിലവിലുള്ള കെ.ഇ.ആർ ചട്ടത്തിൽ വ്യവസ്ഥയില്ല.

2022-23 വർഷത്തെ തസ്തിക നിർണ്ണയത്തിൽ പ്രസ്തുത എഫ്.ടി.എം തസ്തികയാണ് നഷ്ടപ്പെട്ടത്. സ.ഉ(അച്ചടി) 04/2021/പൊ.വി.വ തിയതി 06/02/2021, സ.ഉ.(അച്ചടി) 02/2023/പൊ.വി.വ എന്നിവയിലും കെ.ഇ.ആർ അധ്യായം 21 ചട്ടം 7(3) എ പ്രകാരം പുതതായി ആരംഭിച്ച വിദ്യാലയങ്ങളുടെ ഗണത്തിൽപ്പെട്ട സ്കൂളുകളിൽ ഒരു സംരക്ഷിതാധ്യാപകനെ നിയമിക്കേണ്ടതുണ്ട് എന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. 08/03/2019 ലെ ജെ2/57/2019/പൊ.വി.വ ഉത്തരവിൽ ഖണ്ഡിക 2(1)ൽ സൂചിപ്പിച്ച പ്രകാരം ഒരു റഗുലർ തസ്തിക സംരക്ഷിതാധ്യാപകനെ നിയമിക്കുന്നതിനായി മാറ്റി വെയ്ക്കേണ്ടതാണ്. അങ്ങനെ മാറ്റിവെച്ചാൽ മാത്രമേ സ്കൂളിൽ നിയമനാംഗീകാരമില്ലാതെ തുടരുന്ന 12 പേരും നിയമനം അംഗീകരിച്ച് നൽകാൻ കഴിയുകയുള്ളൂ.

ഹയർ സെക്കന്ററി വിഭാഗത്തിലെ കുട്ടികളെയും കൂടി കൂട്ടി എഫ്.ടി.എം തസ്തിക നിലവിലുള്ള ചട്ടങ്ങൾക്കും ഉത്തരവുകൾക്കും വിരുദ്ധമായി അനുവദിക്കപ്പെടുകയും ആയത് കെ.ഇ.ആർ അധ്യായം 21 ചട്ടം 73(എ) പ്രകാരം മാറ്റി ചെയ്യുകയും ചെയ്യുന്നത് നിയമപ്രകാരമല്ല. അങ്ങനെ നിലവിലുള്ള ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിരുദ്ധമായി എഫ്.ടി.എം തസ്തിക അനുവദിക്കപ്പെടുന്നതിലൂടെ ടി സ്കൂളിൽ മാനേജർ നടത്തിയ 12 ഓളം അധ്യാപക നിയമനങ്ങൾ ക്രമവിരുദ്ധമായി അംഗീകരിക്കേണ്ട

സാഹചര്യം വരും. അത് സർക്കാരിന് സാമ്പത്തിക ബാധ്യത ഉണ്ടാക്കും. ഇതേ മാതൃക മറ്റ് സ്കൂളുകളും പിന്തുടരുന്ന സാഹചര്യവും നിലവിൽ വന്നേക്കാം. ആയതിനാൽ നിലവിലുള്ള ചട്ടങ്ങളും വ്യവസ്ഥകൾക്കും വിധേയമല്ലാതെ ഹൈസ്കൂൾ വിഭാഗത്തിലെയും ഹയർ സെക്കന്ററി വിഭാഗത്തിലെയും കുട്ടികളുടെ എണ്ണം കൂട്ടി എഫ്.ടി.എം. തസ്തിക അനുവദിക്കണമെന്ന മാനേജരുടെ ആവശ്യം പരിഗണിക്കുന്നതിന് കഴിയില്ല.

<u>മേഖലാ ഡെപ്യൂട്ടി ഡയറക്ടർ</u>

പരാമർശം(1) ഉത്തരവ് പ്രകാരം സംസ്ഥാനത്ത് ഒന്നു മുതൽ 12 വരെയുള്ള സ്കൂൾ/ക്ളാസ് ഏകീകരണം നടന്നുവരുകയാണ്. ആയത് സംസ്ഥാനത്ത് മുഴുവൻ പൂർത്തിയാക്കേണ്ടതുണ്ട്. ആയത് പൂർത്തിയാക്കിയതിനുശേഷം മാത്രമേ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി ഉൾപ്പെടെ പരിശോധിച്ച് സ്ഥിരം തസ്തികകൾ സൃഷ്ടിക്കുന്നതിന്റെ ആവശ്യകത പരിശോധിക്കാൻ സാധിക്കുകയുള്ളൂ എന്ന് വ്യക്തമാക്കുന്നുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം സൃഷ്ടിച്ച തസ്തികകൾ 5 വർഷത്തേക്ക് താൽക്കാലികമായും, കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് അനുമതി നൽകിയും ആണ്. ഹയർ സെക്കന്ററി വിഭാഗത്തിന് മാത്രമായി എഫ്.ടി.എം തസ്തിക ഇല്ല . ഹയർ സെക്കന്ററി വിഭാഗം കുട്ടികളുടെ എണ്ണം കൂടി കണക്കിലെടുത്ത് എഫ്.ടി.എം തസ്തിക സൃഷ്ടിക്കുന്നതിൽ സർക്കാർ തലത്തിൽ തീരുമാനം കൈക്കൊള്ളാവുന്നതാണ്.

3. 2009 ലെ വിദ്യാഭ്യാസ അവകാശ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി വിദഗ്ധ സമിതി രൂപീകരിക്കുകയും ആ വിദഗ്ധ സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 1 മുതൽ 12-ാം ക്ലാസ് വരെയുള്ള വിദ്യാഭ്യാസം ഏകീകരിച്ചുകൊണ്ട് 31.05.2019ലെ സ.ഉ.(എംഎസ്) നം.53/2019/പൊവിവ പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. നിലവിൽ ഹൈസ്കൂൾ തലത്തിലുള്ള ഓഫീസ്, ഹയർ സെക്കന്ററി വിഭാഗത്തിനു കൂടി ബാധകമായ രീതിയിൽ പൊതു ഓഫീസ് ആയിരിക്കും എന്നും അപ്രകാരം ബാധകമാകുമ്പോൾ അനദ്ധ്യാപക സംവിധാനം ഹയർ സെക്കന്ററിയിലെ കുട്ടികളുടെ എണ്ണം കൂടി അടിസ്ഥാനപ്പെടുത്തി ആയിരിക്കും നിർണ്ണയിക്കപ്പെടുന്നത് എന്നും പ്രസ്തുത ഉത്തരവിൽ പരാമർശിച്ചിട്ടുണ്ട്. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്കൂളുകൾ 1 മുതൽ 12-ാം ക്ലാസ് വരെ ഒറ്റ യൂണിറ്റാണ്. അങ്ങനെവരുമ്പോൾ കെ.ഇ.ആർ. അധ്യായം XXIV Aയിൽ പ്രതിപാദിച്ചിരിക്കും പ്രകാരമാണ് ഹയർ സെക്കന്ററി സ്കൂളുകളിൽ ക്ലർക്ക്, എഫ്.റ്റി.എം., പി.റ്റി.എം., ഓഫീസ് അറ്റൻഡന്റ് തുടങ്ങിയ അനധ്യാപക തസ്തികകളിലെ നിയമനം നടത്തേണ്ടത്. 1499 കുട്ടികൾക്ക് ഒന്നും 1500ഉം അതിനു മുകളിലും രണ്ടും ക്ലറിക്കൽ തസ്തികകളും 699 കുട്ടികൾക്ക് 1 എഫ്.റ്റി.എം.ഉം 700 മുതൽ 1499 വരെ കുട്ടികൾക്ക് 2 ഉം 1500ഉം അതിനു മുകളിലും 3 ഉം തസ്തികകളും അനുവദനീയമാണ്. മേൽ ചട്ടത്തിന്റെ അടിസ്ഥാനത്തിൽ, കോടതിയെ സമീപിച്ച ഹയർ സെക്കന്ററി സ്കൂളുകളിൽ പൊതു വിദ്യാഭ്യാസ ഡയറക്ടർ പഠനം നടത്തുകയും തസ്തികകൾ സൃഷ്ടിക്കാൻ ശിപാർശ നല്കുകയും ചെയ്തു. സംസ്ഥാനത്ത് 1 മുതൽ 12 വരെയുള്ള സ്കൂൾ ഏകീകരണം നടന്ന് വരികയാണ്. അതു പൂർത്തിയാക്കിയതിനു ശേഷം മാത്രമേ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി ഉൾപ്പെടെ പരിശോധിച്ച് ഹയർ സെക്കന്ററി സ്കൂളുകളിൽ സ്ഥിരം അനധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിന്റെ ആവശ്യകത പരിശോധിക്കാൻ സാധിക്കുകയുള്ളൂ. സ്പെഷ്യൽ റൂൾ നിലവിൽ വന്ന് ഏകീകരണം പൂർത്തിയാകുന്നതുവരെ അപേക്ഷ സമർപ്പിക്കുന്ന സ്കൂളുകൾക്ക് അർഹതപ്പെട്ട തസ്തികകൾ താല്കാലികമായി സൃഷ്ടിക്കുന്നതിന് അനുമതി നൽകേണ്ടതാണെന്ന് ബഹു.ഹൈക്കോടതി ഇടക്കാല വിധി പുറപ്പെടുവിച്ചിട്ടുണ്ട്. ഈ പശ്ചാത്തലത്തിലാണ് കോഴിക്കോട്, മുക്കം വയലിൽ മോയി ഹാജി മെമ്മോറിയൽ ഹയർ സെക്കന്ററി സ്കൂൾ മാനേജർ ഫയൽ ചെയ്ത റിട്ട് ഹർജി നം. 32692/2023-നമ്പർ കേസിലെ 5.10.2023 ലെ ബഹു. ഹൈക്കോടതിയുടെ വിധിന്യായത്തിൽ ഹർജിക്കാരന്റെ എക്സിബിറ്റ് പി 5 നിവേദനം പരിഗണിച്ച് വിധിന്യായം കൈപ്പറ്റി 3 മാസത്തിനകം ഹർജിക്കാരനെയും

ബന്ധപ്പെട്ടവരെയും നേരിൽ കേട്ടതിനുശേഷം ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കുവാൻ സർക്കാരിനോട് നിർദ്ദേശിച്ചിരുന്നത്.

4. 2022-23 വർഷത്തെ തസ്തിക നിർണ്ണയത്തിൽ ടി സ്കൂളിലെ രണ്ടാമത്തെ എഫ്.ടി.എം. തസ്തികയാണ് നഷ്ടപ്പെട്ടത്. 06/02/2021ലെ സ.ഉ.(അച്ചടി) നം.04/2021/പൊ.വി.വ, 23.01.2023ലെ സ.ഉ.(അച്ചടി)നം.02/2023/പൊ.വി.വ എന്നീ ഉത്തരവുകൾ പ്രകാരം കെ.ഇ.ആർ അധ്യായം 21 ചട്ടം 7(3) (എ) പ്രകാരം പുതുതായി ആരംഭിച്ച വിദ്യാലയങ്ങളുടെ ഗണത്തിൽപ്പെട്ട സ്കൂളുകളിൽ ഒരു സംരക്ഷിതാധ്യാപകനെ നിയമിക്കേണ്ടതുണ്ട് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. 08/03/2019 ലെ ജെ2/57/2019/പൊ.വി.വ ഉത്തരവിലെ ഖണ്ഡിക 2(1) പ്രകാരം ഒരു റഗുലർ തസ്തിക സംരക്ഷിതാധ്യാപകനെ നിയമിക്കുന്നതിനായി മാറ്റി വെയ്ക്കേണ്ടതാണ്. അങ്ങനെ മാറ്റിവെച്ചാൽ മാത്രമേ സ്കൂളിൽ നിയമനാംഗീകാരമില്ലാതെ തുടരുന്ന 12 പേരുടെയും നിയമനം അംഗീകരിച്ച് നൽകാൻ കഴിയുകയുള്ളൂ. ഹയർ സെക്കന്ററി വിഭാഗത്തിലെ കുട്ടികളുടെ എണ്ണം കണക്കിലെടുത്ത് എഫ്.ടി.എം തസ്തിക നിലവിലുള്ള ചട്ടങ്ങൾക്കും ഉത്തരവുകൾക്കും വിരുദ്ധമായി അനുവദിക്കപ്പെടുകയും ആയത് കെ.ഇ.ആർ അധ്യായം 21 ചട്ടം 7(3)(എ) പ്രകാരം മാറ്റി ചെയ്യുകയും ചെയ്യുന്നത് നിയമപ്രകാരമല്ല. നിലവിലുള്ള ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിരുദ്ധമായി എഫ്.ടി.എം തസ്തിക അനുവദിക്കപ്പെടുന്നതിലൂടെ ടി സ്കൂളിൽ മാനേജർ നടത്തിയ പന്ത്രണ്ടോളം അധ്യാപക നിയമനങ്ങൾ ക്രമവിരുദ്ധമായി അംഗീകരിക്കേണ്ട സാഹചര്യം വരും. അത് സർക്കാരിന് സാമ്പത്തിക ബാധ്യത ഉണ്ടാക്കും. ഇതേ മാതൃക മറ്റ് സ്കൂളുകളും പിന്തുടരുന്ന സാഹചര്യവും നിലവിൽ വന്നേക്കാം. ആയതിനാൽ നിലവിലുള്ള ചട്ടങ്ങളും വ്യവസ്ഥകൾക്കും വിധേയമല്ലാതെ ഹൈസ്കൂൾ വിഭാഗത്തിലെയും ഹയർ സെക്കന്ററി വിഭാഗത്തിലെയും കുട്ടികളുടെ എണ്ണം കൂട്ടി എഫ്.ടി.എം തസ്തിക അനുവദിക്കണമെന്ന മാനേജരുടെ ആവശ്യം പരിഗണിക്കുവാനാകില്ല എന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

ആനയാംകുന്ന്, വി.എം. മോയി ഹാജി മെമ്മോറിയൽ ഹയർ സെക്കന്ററി സ്കൂളിലെ 2024-25 അധ്യയന വർഷത്തിലെ ആറാം പ്രവൃത്തിദിന കണക്കെടുപ്പ് പ്രകാരമുള്ള കുട്ടികളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| ക്ലാസ് | വിദ്യാർത്ഥികളുടെ എണ്ണം |
|---|---|
| V | 71 |
| VI | 74 |
| VII | 95 |
| ആകെ | 240 |

| CLASS | DIVISION | | | | | TOTAL |
|---|---|---|---|---|---|---|
| | A | B | C | D | E | |
| VIII | 27 | 45 | 26 | 29 | 25 | 152 |
| IX | 38 | 56 | 36 | 39 | | 169 |
| X | 32 | 51 | 51 | 31 | | 145 |

ആനയാംകുന്ന്, വി.എം. മോയി ഹാജി മെമ്മോറിയൽ ഹയർ സെക്കന്ററി സ്കൂളിലെ 2024-25 അധ്യയന വർഷത്തിലെ ഹയർസെക്കന്ററി വിഭാഗത്തിലെ കുട്ടികളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| SUBJECT | XI | XII |
|---|---|---|
| SCIENCE | 60 | 60 |
| HUMANITIES | 60 | 60 |
| COMMERCE | 60 | 60 |
| TOTAL | 180 | 180 |

2024-25 അധ്യയന വർഷത്തിലെ ആകെ കുട്ടികളുടെ എണ്ണം - 1066.

കെ.ഇ.ആർ അധ്യായം XXIV (A) , ചട്ടം 3 പ്രകാരം അനധ്യാപക തസ്തികകൾ അനുവദിക്കുന്നതിന് ലോവർ പ്രൈമറി ക്ളാസുകളിലെ കുട്ടികളുടെ എണ്ണം ഒഴിവാക്കപ്പെടുന്നു.

5. 31.05.2019ലെ സ.ഉ.(കൈ) നമ്പർ 53/2019/പൊ.വി.വ പ്രകാരം, നിലവിൽ ഹൈസ്കൂൾ തലത്തിലുള്ള ഓഫീസ് സംവിധാനം ഹയർ സെക്കന്ററി വിഭാഗത്തിനുകൂടി ബാധകമായ പൊതു ഓഫീസ് ആയിരിക്കും, അപ്രകാരം ബാധകമാക്കുമ്പോൾ അനദ്ധ്യാപക സംവിധാനം ഹയർ സെക്കന്ററിയിലെ കുട്ടികളുടെ എണ്ണം കൂടി അടിസ്ഥാനപ്പെടുത്തി ആയിരിക്കും നിർണ്ണയിക്കപ്പെടുന്നത് എന്ന് ഉത്തരവായിട്ടുണ്ട്. പരാമർശം(1) ഉത്തരവ് പ്രകാരം, സംസ്ഥാനത്ത് ഒന്നു മുതൽ 12 വരെയുള്ള സ്കൂൾ/ക്ളാസ് ഏകീകരണം മുഴുവൻ പൂർത്തിയാക്കിയതിനുശേഷം മാത്രമേ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി ഉൾപ്പെടെ പരിശോധിച്ച് സ്ഥിരം തസ്തികകൾ സൃഷ്ടിക്കുന്നതിന്റെ ആവശ്യകത പരിശോധിക്കാൻ സാധിക്കുകയുള്ളു എന്ന് വ്യക്തമാക്കുന്നുണ്ട്. എന്നാൽ, ഹയർ സെക്കന്ററി വിഭാഗത്തിലെ കുട്ടികളുടെ എണ്ണം കൂടി കണക്കിലെടുത്ത് പ്രസ്തുത ഉത്തരവ് പ്രകാരം 5 വർഷത്തേക്ക് താൽക്കാലികമായി തസ്തികകൾ സൃഷ്ടിക്കുന്നതിനും ആയതിൽ കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് അനുമതി നൽകുകയും ചെയ്തിരുന്നു. ഹയർ സെക്കന്ററി വിഭാഗത്തിലെ കുട്ടികളുടെ എണ്ണം കൂടി കണക്കിലെടുത്ത് തസ്തികകൾ അനുവദിക്കുന്നതു സംബന്ധിച്ച കോടതിയലക്ഷ്യക്കേസുകളിൽ സ്പെഷ്യൽ റൂൾ നിലവിൽ വന്ന് ഏകീകരണം പൂർത്തിയാകുന്നതുവരെ അപേക്ഷ സമർപ്പിക്കുന്ന സ്കൂളുകൾക്ക് അർഹതപ്പെട്ട തസ്തികകൾ താല്ക്കാലികമായി സൃഷ്ടിക്കുന്നതിന് അനുമതി നൽകേണ്ടതാണെന്ന് ഇടക്കാല വിധി പുറപ്പെടുവിച്ചിട്ടുണ്ട്.

6. സമാന വിഷയത്തിൽ ഫയൽ ചെയ്ത Contempt Case (C) No.806/2020 കേസിലെ 19.06.2023 തീയതിയിലെ ഇടക്കാലവിധിയിൽ ഏകീകരണം പൂർത്തിയാകുന്നതുവരെ കരാർ അടിസ്ഥാനത്തിൽ താത്കാലികമായി തസ്തിക സൃഷ്ടിക്കാവുന്നതാണെന്ന് കോടതി നിർദ്ദേശിച്ചിട്ടുണ്ട്. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ഇപ്രകാരം ഹയർസെക്കന്ററി സ്കൂളുകളിൽ തസ്തികകൾ അനുവദിച്ചു വരുന്നത്.

2024-25 അധ്യയന വർഷത്തിൽ മുക്കം വയലിൽ മോയി ഹാജി മെമ്മോറിയൽ ഹയർ സെക്കന്ററി സ്കൂളിൽ ഹൈസ്കൂൾ, ഹയർ സെക്കന്ററി വിഭാഗത്തിൽ ആകെ 1066 വിദ്യാർത്ഥികൾ ഉള്ളതായി പരാമർശം(4) പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ (ഹയർ സെക്കന്ററി) റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പരാമർശം(1) ഉത്തരവ് പ്രകാരം വിദ്യാർത്ഥികളുടെ എണ്ണം 700 മുതൽ 1499 വരെ 2 എഫ്.ടി.എം

തസ്തികകളും, 1500ന് മുകളിൽ 3 എഫ്.ടി.എം തസ്തികകളുമാണ് അനുവദനീയമായിട്ടുള്ളത്.

7. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. 2024-25 അധ്യയന വർഷത്തിൽ മുക്കം വയലിൽ മോയി ഹാജി മെമ്മോറിയൽ ഹയർ സെക്കന്ററി സ്കൂളിൽ ഹൈസ്കൂൾ, ഹയർ സെക്കന്ററി വിഭാഗത്തിൽ ആകെ 1066 വിദ്യാർത്ഥികളാണ് ഉള്ളത്. ആയതിനാൽ, പരാമർശം (1) ഉത്തരവിൽ പരാമർശിച്ചിട്ടുള്ളത് പ്രകാരം പ്രസ്തുത അധ്യയന വർഷം രണ്ട് എഫ്.ടി.എം തസ്തികകൾ കരാർ അടിസ്ഥാനത്തിൽ അനുവദനീയമാണ്. ബഹു.ഹൈക്കോടതിയുടെ WA No.745/2018 നം. റിട്ട് അപ്പീലിലെയും അനുബന്ധ കേസുകളിലെയും വിധിന്യായം പാലിച്ച് വിവിധ എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകളിൽ ക്ളാർക്ക്, ലൈബ്രേറിയൻ, എഫ്.ടി.എം തസ്തികകൾ അനുവദിക്കുന്നതിനായി പുറപ്പെടുവിച്ച പരാമർശം(1) ഉത്തരവിനു സമാനമായി, കോഴിക്കോട്, മുക്കം, ആനയാംകുന്ന്, വയലിൽ മോയി ഹാജി മെമ്മോറിയൽ ഹയർ സെക്കന്ററി സ്കൂളിൽ 2024-2025 അധ്യയന വർഷത്തിലെ ഹൈസ്കൂൾ വിഭാഗത്തിലെയും ഹയർ സെക്കന്ററി വിഭാഗത്തിലെയും കുട്ടികളുടെ എണ്ണം കണക്കിലെടുത്ത് രണ്ടാമത്തെ എഫ്.ടി.എം തസ്തിക താല്ക്കാലികമായി സൃഷ്ടിച്ച് ഒരു വർഷത്തേയ്ക്ക് കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

8. പരാമർശം(2) ലെ ബഹു. ഹൈക്കോടതിയുടെ വിധിന്യായം മേൽപ്രകാരം പാലിച്ചിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റാണി ജോർജ്ജ്
പ്രിൻസിപ്പൽ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് സഹിതം)
മാനേജർ, മുക്കം വയലിൽ മോയി ഹാജി മെമ്മോറിയൽ ഹയർ സെക്കന്ററി സ്കൂൾ , കോഴിക്കോട്.
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
പൊതുവിദ്യാഭ്യാസ ഡയറക്ടർ(ഹയർ സെക്കന്ററി വിഭാഗം), തിരുവനന്തപുരം.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, താമരശ്ശേരി
മേഖലാ ഡെപ്യൂട്ടി ഡയറക്ടർ, മേഖലാ ഉപമേധാവിയുടെ കാര്യലയം, ഹയർസെക്കന്ററി വിഭാഗം, കോഴിക്കോട്.
ധനകാര്യവകുപ്പ് ( 27.05.2024 ലെ A3/85/2024/ധന നം. കുറിപ്പ്)
പൊതുഭരണ (എസ്.സി) വകുപ്പ്(30.04.2025 ലെ ഇനം. നം. 2893)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്/എ&ഇ), തിരുവനന്തപുരം.
വിവരപൊതുജനസമ്പർക്ക(വെബ്&ന്യൂമീഡിയ) വിഭാഗം.
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
Resmi Babu
സെക്ഷൻ ഓഫീസർ
Date: 05-05-2025 10:58:27

പകർപ്പ് - ബഹു. പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രിയുടെ പി.എസിന്
പ്രിൻസിപ്പൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്.

*രഹസ്യം*

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 30-04-2025

ഫയൽ നം. എസ്1/316/2023/പൊ.വി.വ. ഇനം നം: 2893

വിഷയം : പൊതുവിദ്യാഭ്യാസ വകുപ്പ് - മുക്കം വയലിൽ മോയി ഹാജി മെമ്മോറിയൽ ഹയർ സെക്കന്ററി സ്കൂളിൽ ഹൈസ്കൂൾ, ഹയർ സെക്കന്ററി വിഭാഗം വിദ്യാർത്ഥികളുടെ എണ്ണം കണക്കിലെടുത്ത് 2024-25 അദ്ധ്യയന വർഷത്തിൽ എഫ്.ടി.എം.-ന്റെ ഒരു അധിക തസ്തിക താൽക്കാലികമായി സൃഷ്ടിച്ച് കരാർ വ്യവസ്ഥയിൽ നിയമനം നടത്തുന്നതിന് അനുമതി നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ശാരദ മുരളീധരൻ
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്.

2893

# കേരള സർക്കാർ
## (ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | എസ്1/316/2023/പൊ.വി.വ. |
| 2 | വകുപ്പ് | : | പൊതുവിദ്യാഭ്യാസ (എസ്) വകുപ്പ് |
| 3 | വിഷയം | : | മുക്കം വയലിൽ മോയി ഹാജി മെമ്മോറിയൽ ഹയർ സെക്കന്ററി സ്കൂളിൽ ഹൈസ്കൂൾ, ഹയർസെക്കന്ററി വിഭാഗം വിദ്യാർത്ഥികളുടെ എണ്ണം കണക്കിലെടുത്ത് 2024-25 അധ്യയന വർഷത്തിൽ എഫ്.ടി.എം.ന്റെ ഒരു അധിക തസ്തിക താല്കാലികമായി സൃഷ്ടിച്ച് കരാർ വ്യവസ്ഥയിൽ നിയമനം നടത്തുന്നതിന് അനുമതി നൽകുന്നത് സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യ മന്ത്രിയുടെ ഉത്തരവ് തീയതി | : | 06/12/2024 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : | അതെ |
| | (ii)സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീമതി മീനാംബിക എം.ഐ. |
| 8 | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | : | ശ്രീമതി. റാണി ജോർജ്ജ് |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | : | 28.03.2025 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി.ശാരദ മുരളീധരൻ |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 24.04.2025 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ.വി.ശിവൻകുട്ടി |
| 13 | മന്ത്രിസഭയ്ക്കുള്ള കരട്കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 25.04.2025 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 26.04.2025 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പറും തീയതിയും | : | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

ബഹു.ഹൈക്കോടതിയുടെ WA No.745/2018 നം. റിട്ട് അപ്പീലിലെ വിധിന്യായം പാലിച്ച് വിവിധ എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകളിൽ ക്ളാർക്ക്, ലൈബ്രേറിയൻ, എഫ്.ടി.എം. തസ്തികകൾ അനുവദിക്കുന്നതിനായി പുറപ്പെടുവിച്ച 14.06.2022 ലെ സ.ഉ. (കൈ) നം.106/2022/പൊവിവ ഉത്തരവിനു സമാനമായി കോഴിക്കോട്, മുക്കം, ആനയാംകുന്ന്, വയലിൽ മോയി ഹാജി മെമ്മോറിയൽ ഹയർ സെക്കന്ററി സ്കൂളിൽ 2024-2025 അധ്യയന വർഷത്തിലെ ഹൈസ്കൂൾ വിഭാഗത്തിലെയും ഹയർ സെക്കന്ററി വിഭാഗത്തിലെയും കുട്ടികളുടെ എണ്ണം കണക്കിലെടുത്ത് രണ്ടാമത്തെ എഫ്.ടി.എം തസ്തിക താല്ക്കാലികമായി സൃഷ്ടിച്ച് ഒരു വർഷത്തേക്ക് കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് അനുമതി നല്കുന്നത് സംബന്ധിച്ചതാണ് ഈ കുറിപ്പ്.

2. 2009 ലെ വിദ്യാഭ്യാസ അവകാശ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി വിദഗ്ദ്ധ സമിതി രൂപീകരിക്കുകയും ആ വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 1 മുതൽ 12-ാം ക്ലാസ് വരെയുള്ള വിദ്യാഭ്യാസം ഏകീകരിച്ചുകൊണ്ട് 31.05.2019 ലെ സ.ഉ.(എംഎസ്) നം.53/2019/പൊവിവ പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. നിലവിൽ ഹൈസ്കൂൾ തലത്തിലുള്ള ഓഫീസ്, ഹയർ സെക്കന്ററി വിഭാഗത്തിനു കൂടി ബാധകമായ രീതിയിൽ പൊതു ഓഫീസ് ആയിരിക്കും എന്നും അപ്രകാരം ബാധകമാക്കുമ്പോൾ അനദ്ധ്യാപക സംവിധാനം ഹയർ സെക്കന്ററിയിലെ കുട്ടികളുടെ എണ്ണം കൂടി അടിസ്ഥാനപ്പെടുത്തി ആയിരിക്കും നിർണ്ണയിക്കപ്പെടുന്നത് എന്നും പ്രസ്തുത ഉത്തരവിൽ പരാമർശിച്ചിട്ടുണ്ട്. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്കൂളുകൾ 1 മുതൽ 12-ാം ക്ലാസ് വരെ ഒറ്റ യൂണിറ്റാണ്. അങ്ങനെവരുമ്പോൾ കെ.ഇ.ആർ. അധ്യായം XXIV A യിൽ പ്രതിപാദിച്ചിരിക്കും പ്രകാരമാണ് ഹയർ സെക്കന്ററി സ്കൂളുകളിൽ ക്ലർക്ക്, എഫ്.റ്റി.എം., പി.റ്റി.എം., ഓഫീസ് അറ്റൻഡന്റ് തുടങ്ങിയ അനധ്യാപക തസ്തികകളിലെ നിയമനം നടത്തേണ്ടത്. 1499 കുട്ടികൾക്ക് ഒന്നും 1500 ഉം അതിനു മുകളിലും രണ്ടും ക്ലറിക്കൽ തസ്തികകളും 699 കുട്ടികൾക്ക് 1 എഫ്.റ്റി.എം.ഉം 700 മുതൽ 1499 വരെ കുട്ടികൾക്ക് 2 ഉം 1500 ഉം അതിനു

മുകളിലും 3 ഉം തസ്തികകളും അനുവദനീയമാണ്. മേൽ ചട്ടത്തിന്റെ അടിസ്ഥാനത്തിൽ, കോടതിയെ സമീപിച്ച ഹയർ സെക്കന്ററി സ്കൂളുകളിൽ പൊതു വിദ്യാഭ്യാസ ഡയറക്ടർ പഠനം നടത്തുകയും തസ്തികകൾ സൃഷ്ടിക്കാൻ ശിപാർശ നല്കുകയും ചെയ്തു. സംസ്ഥാനത്ത് 1 മുതൽ 12 വരെയുള്ള സ്കൂൾ ഏകീകരണം നടന്ന് വരികയാണ്. അതു പൂർത്തിയാക്കിയതിനു ശേഷം മാത്രമേ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി ഉൾപ്പെടെ പരിശോധിച്ച് ഹയർ സെക്കന്ററി സ്കൂളുകളിൽ സ്ഥിരം അനധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിന്റെ ആവശ്യകത പരിശോധിക്കാൻ സാധിക്കുകയുള്ളൂ. സ്പെഷ്യൽ റൂൾ നിലവിൽ വന്ന് ഏകീകരണം പൂർത്തിയാകുന്നതുവരെ അപേക്ഷ സമർപ്പിക്കുന്ന സ്കൂളുകൾക്ക് അർഹതപ്പെട്ട തസ്തികകൾ താല്ക്കാലികമായി സൃഷ്ടിക്കുന്നതിന് അനുമതി നൽകേണ്ടതാണെന്ന് ബഹു.ഹൈക്കോടതി ഇടക്കാല വിധി പുറപ്പെടുവിച്ചിട്ടുണ്ട്.

3. ഈ പശ്ചാത്തലത്തിലാണ് കോഴിക്കോട്, മുക്കം വയലിൽ മോയി ഹാജി മെമ്മോറിയൽ ഹയർ സെക്കന്ററി സ്കൂൾ മാനേജർ ഫയൽ ചെയ്ത റിട്ട് ഹർജി നം 32692/2023-യിലെ 5.10.2023 ലെ ബഹു. ഹൈക്കോടതിയുടെ വിധിന്യായത്തിൽ ഹർജിക്കാരന്റെ എക്സിബിറ്റ് പി 5 നിവേദനം പരിഗണിച്ച് വിധിന്യായം കൈപ്പറ്റി 3 മാസത്തിനകം ഹർജിക്കാരനെയും ബന്ധപ്പെട്ടവരെയും നേരിൽ കേട്ടതിനുശേഷം ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കുവാൻ സർക്കാരിനോട് നിർദ്ദേശിച്ചിരുന്നത്. പ്രസ്തുത സ്കൂളിലെ ഹൈസ്കൂൾ വിഭാഗത്തിലെയും ഹയർ സെക്കന്ററി വിഭാഗത്തിലെയും കുട്ടികളുടെ എണ്ണം കണക്കിലെടുത്ത് രണ്ടാമത്തെ എഫ്.ടി.എം. തസ്തിക അനുവദിക്കണമെന്നതാണ് റിട്ട് ഹർജിയിലെ ആവശ്യം. സർക്കാർ ഈ വിഷയത്തിൽ ബന്ധപ്പെട്ട കക്ഷികളെ 11.12.2023 ന് നേരിൽ കേട്ടു. ടി വിധിന്യായം പാലിക്കേണ്ട സമയ പരിധി 04.01.2024 ന് അവസാനിച്ചിരിക്കുകയാണ്.

4. ഈ വിഷയവുമായി ബന്ധപ്പെട്ട് പൊതുവിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ട് പ്രകാരം 2022-23 വർഷത്തെ തസ്തിക നിർണ്ണയത്തിൽ ടി സ്കൂളിലെ രണ്ടാമത്തെ എഫ്.ടി.എം. തസ്തികയാണ് നഷ്ടപ്പെട്ടത്. 06/02/2021 ലെ സ.ഉ.(അച്ചടി) നം.04/2021/പൊ.വി.വ, 23.01.2023 ലെ സ.ഉ.(അച്ചടി)നം.02/2023/പൊ.വി.വ എന്നിവയിലും

കെ.ഇ.ആർ അധ്യായം 21 ചട്ടം 7(3) (എ) പ്രകാരം പുതുതായി ആരംഭിച്ച വിദ്യാലയങ്ങളുടെ ഗണത്തിൽപ്പെട്ട സ്കൂളുകളിൽ ഒരു സംരക്ഷിതാധ്യാപകനെ നിയമിക്കേണ്ടതുണ്ട് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. 08/03/2019 ലെ ജെ2/57/2019/പൊ.വി.വ ഉത്തരവിലെ ഖണ്ഡിക 2(1) പ്രകാരം ഒരു റഗുലർ തസ്തിക സംരക്ഷിതാധ്യാപകനെ നിയമിക്കുന്നതിനായി മാറ്റി വെയ്ക്കേണ്ടതാണ്. അങ്ങനെ മാറ്റിവെച്ചാൽ മാത്രമേ സ്കൂളിൽ നിയമനാംഗീകാരമില്ലാതെ തുടരുന്ന 12 പേരുടെയും നിയമനം അംഗീകരിച്ചു നൽകാൻ കഴിയുകയുള്ളൂ. ഹയർ സെക്കന്ററി വിഭാഗത്തിലെ കുട്ടികളുടെ എണ്ണം കണക്കിലെടുത്ത് എഫ്ടി.എം തസ്തിക നിലവിലുള്ള ചട്ടങ്ങൾക്കും ഉത്തരവുകൾക്കും വിരുദ്ധമായി അനുവദിക്കപ്പെടുകയും ആയത് കെ.ഇ.ആർ അധ്യായം 21 ചട്ടം 7(3)(എ) പ്രകാരം മാറ്റി ചെയ്യുകയും ചെയ്യുന്നത് നിയമപ്രകാരമല്ല. അങ്ങനെ നിലവിലുള്ള ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിരുദ്ധമായി എഫ്.ടി.എം തസ്തിക അനുവദിക്കപ്പെടുന്നതിലൂടെ ടി സ്കൂളിൽ മാനേജർ നടത്തിയ 12 ഓളം അധ്യാപക നിയമനങ്ങൾ ക്രമവിരുദ്ധമായി അംഗീകരിക്കേണ്ട സാഹചര്യം വരും. അത് സർക്കാരിന് സാമ്പത്തിക ബാധ്യത ഉണ്ടാക്കും. ഇതേ മാതൃക മറ്റ് സ്കൂളുകളും പിന്തുടരുന്ന സാഹചര്യവും നിലവിൽ വന്നേക്കാം. ആയതിനാൽ നിലവിലുള്ള ചട്ടങ്ങളും വ്യവസ്ഥകൾക്കും വിധേയമല്ലാതെ ഹൈസ്കൂൾ വിഭാഗത്തിലെയും ഹയർ സെക്കന്ററി വിഭാഗത്തിലെയും കുട്ടികളുടെ എണ്ണം കൂട്ടി എഫ്ടി.എം തസ്തിക അനുവദിക്കണമെന്ന മാനേജരുടെ ആവശ്യം പരിഗണിക്കുവാനാകില്ല എന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5. ആനയാംകുന്ന്, വി.എം. മോയി ഹാജി മെമ്മോറിയൽ ഹയർ സെക്കന്ററി സ്കൂളിലെ 2024-25 അധ്യയന വർഷത്തിലെ ആറാം പ്രവൃത്തിദിന കണക്കെടുപ്പ് പ്രകാരമുള്ള കുട്ടികളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| ക്ലാസ് | വിദ്യാർത്ഥികളുടെ എണ്ണം |
| --- | --- |
| V | 71 |
| VI | 74 |
| VII | 95 |
| ആകെ | 240 |

| CLASS | DIVISION | | | | | TOTAL |
|---|---|---|---|---|---|---|
| | A | B | C | D | E | |
| VIII | 27 | 45 | 26 | 29 | 25 | 152 |
| IX | 38 | 56 | 36 | 39 | | 169 |
| X | 32 | 51 | 51 | 31 | | 145 |

ആനയാംകുന്ന്, വി.എം. മോയി ഹാജി മെമ്മോറിയൽ ഹയർ സെക്കന്ററി സ്കൂളിലെ 2024-25 അധ്യയന വർഷത്തിലെ ഹയർസെക്കന്ററി വിഭാഗത്തിലെ കുട്ടികളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| SUBJECT | XI | XII |
|---|---|---|
| SCIENCE | 60 | 60 |
| HUMANITIES | 60 | 60 |
| COMMERCE | 60 | 60 |
| TOTAL | 180 | 180 |

2024-25 അധ്യയന വർഷത്തിലെ ആകെ കുട്ടികളുടെ എണ്ണം - 1066. കെ.ഇ.ആർ അധ്യായം XXIV (A) , ചട്ടം 3 പ്രകാരം അനധ്യാപക തസ്തികകൾ അനുവദിക്കുന്നതിന് ലോവർ പ്രൈമറി ക്ലാസുകളിലെ കുട്ടികളുടെ എണ്ണം ഒഴിവാക്കപ്പെടുന്നു.

6. 31.05.2019 ലെ സ.ഉ.(കൈ) നമ്പർ 53/2019/പൊ.വി.വ പ്രകാരം, നിലവിൽ ഹൈസ്കൂൾ തലത്തിലുള്ള ഓഫീസ് സംവിധാനം ഹയർ സെക്കന്ററി വിഭാഗത്തിനുകൂടി ബാധകമായ പൊതു ഓഫീസ് ആയിരിക്കും, അപ്രകാരം ബാധകമാക്കുമ്പോൾ അനദ്ധ്യാപക സംവിധാനം ഹയർ സെക്കന്ററിയിലെ കുട്ടികളുടെ എണ്ണം കൂടി അടിസ്ഥാനപ്പെടുത്തി ആയിരിക്കും നിർണ്ണയിക്കപ്പെടുന്നത് എന്ന് ഉത്തരവായിട്ടുണ്ട്. 14/06/2022 ലെ സ.ഉ.(കൈ) നം. 106/2022/പൊ.വി.വ. ഉത്തരവ് പ്രകാരം, സംസ്ഥാനത്ത് ഒന്നു മുതൽ 12

വരെയുള്ള സ്കൂൾ/ക്ളാസ് ഏകീകരണം മുഴുവൻ പൂർത്തിയാക്കിയതിനുശേഷം മാത്രമേ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി ഉൾപ്പെടെ പരിശോധിച്ച് സ്ഥിരം തസ്തികകൾ സൃഷ്ടിക്കുന്നതിന്റെ ആവശ്യകത പരിശോധിക്കാൻ സാധിക്കുകയുള്ളു എന്ന് വ്യക്തമാക്കുന്നുണ്ട്. എന്നാൽ, ഹയർ സെക്കന്ററി വിഭാഗത്തിലെ കുട്ടികളുടെ എണ്ണം കൂടി കണക്കിലെടുത്ത് പ്രസ്തുത ഉത്തരവ് പ്രകാരം 5 വർഷത്തേക്ക് താൽക്കാലികമായി തസ്തികകൾ സൃഷ്ടിക്കുന്നതിനും ആയതിൽ കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് അനുമതി നൽകുകയും ചെയ്തിരുന്നു. ഹയർ സെക്കന്ററി വിഭാഗത്തിലെ കുട്ടികളുടെ എണ്ണം കൂടി കണക്കിലെടുത്ത് തസ്തികകൾ അനുവദിക്കുന്നതു സംബന്ധിച്ച കോടതിയലക്ഷ്യക്കേസുകളിൽ സ്പെഷ്യൽ റൂൾ നിലവിൽ വന്ന് ഏകീകരണം പൂർത്തിയാകുന്നതുവരെ അപേക്ഷ സമർപ്പിക്കുന്ന സ്കൂളുകൾക്ക് അർഹതപ്പെട്ട തസ്തികകൾ താല്ക്കാലികമായി സൃഷ്ടിക്കുന്നതിന് അനുമതി നൽകേണ്ടതാണെന്ന് ഇടക്കാല വിധി പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിനാൽ ഓരോ കേസും പരിശോധിച്ച് അർഹതപ്പെട്ട തസ്തികകൾ താല്ക്കാലികമായി സൃഷ്ടിക്കുന്നതിന് അനുമതി നൽകി വരുന്നതിന്റെ അടിസ്ഥാനത്തിൽ ആനയാംകുന്ന്, വി.എം. മോയി ഹാജി മെമ്മോറിയൽ ഹയർ സെക്കന്ററി സ്കൂളിൽ ഹൈസ്കൂൾ വിഭാഗത്തിലെയും ഹയർ സെക്കന്ററി വിഭാഗത്തിലെയും കുട്ടികളുടെ എണ്ണം കണക്കിലെടുത്ത് രണ്ടാമത്തെ എഫ്.ടി.എം. തസ്തിക താല്ക്കാലികമായി സൃഷ്ടിച്ച് കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് അനുമതി നൽകുന്ന വിഷയത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം തേടുകയുണ്ടായി.

7. പ്രസ്തുത വിഷയത്തിൽ ധനകാര്യ വകുപ്പ് ചുവടെപ്പറയുന്ന അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ട്.

"ആനയാംകുന്ന്, വി.എം. മോയി ഹാജി മെമ്മോറിയൽ ഹയർ സെക്കന്ററി സ്കൂളിൽ ഹൈസ്കൂൾ വിഭാഗത്തിലെയും ഹയർ സെക്കണ്ടറി വിഭാഗത്തിലെയും കുട്ടികളുടെ എണ്ണം കണക്കിലെടുത്ത് രണ്ടാമത്തെ എഫ്.ടി.എം. തസ്തിക താത്കാലികമായി സൃഷ്ടിച്ച് കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് അനുമതി നൽകുന്ന വിഷയത്തിൽ 2024-25

അദ്ധ്യയന വർഷാരംഭത്തിൽ ടി സ്കൂളിലെ ഹൈസ്കൂൾ വിഭാഗത്തിലെയും ഹയർ സെക്കണ്ടറി വിഭാഗത്തിലെയും കുട്ടികളുടെ എണ്ണം കൂടി കണക്കിലെടുത്ത ശേഷം മാത്രമേ ഇക്കാര്യത്തിൽ തീരുമാനമെടുക്കാവൂ എന്ന നിബന്ധനയോടെ പൊതുവിദ്യാഭ്യാസ (ജെ ആർ) വകുപ്പ് നൽകിയ അഭിപ്രായത്തോട് യോജിക്കുന്നുവെന്ന വിവരം ഭരണവകുപ്പിനെ അറിയിക്കുന്നു".

8. സമാന വിഷയത്തിൽ ഫയൽ ചെയ്ത Contempt Case (C)No.806/2020 കേസിലെ 19.06.2023 തീയതിയിലെ ഇടക്കാലവിധിയിൽ ഏകീകരണം പൂർത്തിയാകുന്നതുവരെ കരാർ അടിസ്ഥാനത്തിൽ താത്കാലികമായി തസ്തിക സൃഷ്ടിക്കാവുന്നതാണെന്ന് കോടതി നിർദ്ദേശിച്ചിട്ടുണ്ട്. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ഇപ്രകാരം ഹയർസെക്കന്ററി സ്കൂളുകളിൽ തസ്തികകൾ അനുവദിച്ചു വരുന്നത്. ഹൈസ്കൂൾ വിഭാഗത്തിലെയും ഹയർ സെക്കന്ററി വിഭാഗത്തിലെയും കുട്ടികളുടെ എണ്ണം കണക്കിലെടുത്ത് അനധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട് നിരവധി മാനേജ്മെന്റുകൾ സർക്കാരിനെ നിലവിൽ സമീപിക്കുന്നുമുണ്ട്.

9. 2024-25 അധ്യയന വർഷത്തിൽ മുക്കം വയലിൽ മോയി ഹാജി മെമ്മോറിയൽ ഹയർ സെക്കന്ററി സ്കൂളിൽ ഹൈസ്കൂൾ, ഹയർ സെക്കന്ററി വിഭാഗത്തിൽ ആകെ 1066 വിദ്യാർത്ഥികൾ ഉള്ളതായി പൊതുവിദ്യാഭ്യാസ ഡയറക്ടർ (ഹയർ സെക്കന്ററി) റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 14.06.2022 ലെ സ.ഉ.(എംഎസ്)നം.106/2022/പൊവിവ പ്രകാരം വിദ്യാർത്ഥികളുടെ എണ്ണം 700 മുതൽ 1499 വരെ 2 എഫ്.ടി.എം തസ്തികകളും, 1500 ന് മുകളിൽ 3 എഫ്.ടി.എം തസ്തികകളുമാണ് അനുവദനീയമായിട്ടുള്ളത്.

10. 2024-2025 അധ്യയന വർഷത്തിലെ ആനയാംകുന്ന്, വി.എം.മോയി ഹാജി മെമ്മോറിയൽ ഹയർ സെക്കന്ററി സ്കൂളിലെ ഹൈസ്കൂൾ വിഭാഗത്തിലെയും ഹയർ സെക്കന്ററി വിഭാഗത്തിലെയും കുട്ടികളുടെ എണ്ണം കണക്കിലെടുത്ത് രണ്ടാമത്തെ എഫ്.ടി.എം തസ്തിക താല്ക്കാലികമായി സൃഷ്ടിച്ച് ഒരു വർഷത്തേക്ക് കരാർ

അടിസ്ഥാനത്തിൽ നിയമനം നടത്തുന്ന വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ, ഫയൽ ചംക്രമണം, ചെയ്യപ്പോൾ ബഹു. മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

<u>തീരുമാനിക്കേണ്ട വിഷയം</u>

ബഹു.ഹൈക്കോടതിയുടെ WA No.745/2018 നം. റിട്ട് അപ്പീലിലെയും അനുബന്ധ കേസുകളിലെയും വിധിന്യായം പാലിച്ച് വിവിധ എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകളിൽ ക്ലാർക്ക്, ലൈബ്രേറിയൻ, എഫ്.ടി.എം തസ്തികകൾ അനുവദിക്കുന്നതിനായി പുറപ്പെടുവിച്ച 14.06.2022 ലെ സ.ഉ.(കൈ) നം.106/2022/പൊവിവ[അനുബന്ധം] ഉത്തരവിനു സമാനമായി കോഴിക്കോട്, മുക്കം, ആനയാംകുന്ന്, വയലിൽ മോയി ഹാജി മെമ്മോറിയൽ ഹയർ സെക്കന്ററി സ്കൂളിൽ 2024-2025 അധ്യയന വർഷത്തിലെ ഹൈസ്കൂൾ വിഭാഗത്തിലെയും ഹയർ സെക്കന്ററി വിഭാഗത്തിലെയും കുട്ടികളുടെ എണ്ണം കണക്കിലെടുത്ത് രണ്ടാമത്തെ എഫ്.ടി.എം തസ്തിക താല്ക്കാലികമായി സൃഷ്ടിച്ച് ഒരു വർഷത്തേക്ക് കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് അനുമതി നല്കി, റിട്ട് ഹർജി നം.32692/2023 യിലെ 05.10.2023 ലെ ബഹു. ഹൈക്കോടതിയുടെ വിധിന്യായം പാലിക്കാവുന്നതാണോ.